

സൂനാമി ദുരന്തബാധിതർക്ക് ജമാഅത്തെ ഇസ്‌ലാമി നിർമിച്ചു നൽകിയ വീടുകളുടെ താക്കോൽദാനം സി.പി.എം നേതാവും മുൻ എം.പിയുമായ സി.എസ് സുജാത നിർവഹിക്കുന്നു

# മതം സാമൂഹികത ജമാഅത്തെ ഇസ്‌ലാമി

കവർസ്റ്റോറി ● ഖാലിദ് മൂസ നദ്‌വി

**വർഗരാഷ്ട്രീയം** വർഗീയ രാഷ്ട്രീയത്തിലേക്ക് വഴിമാറുന്നുവെന്നതാണ് വർത്തമാനകാല കേരള രാഷ്ട്രീയത്തിന്റെ ഏറ്റവും വലിയ പതനം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുകാലവും ലോക്സഭാ തെരഞ്ഞെടുപ്പുകാലവും കേരളത്തിൽ ഗൗരവമുള്ള രാഷ്ട്രീയ പ്രമേയങ്ങൾ ഒരുപരിധിവരെ ചർച്ച ചെയ്യപ്പെട്ട കാലമായിരുന്നു.

സാമ്രാജ്യത്വ വിരുദ്ധത പ്രധാന രാഷ്ട്രീയ ചർച്ചയായി മാറി എന്നതായിരുന്നു പ്രസ്തുത തെരഞ്ഞെടുപ്പുകാലത്തെ ഏറ്റവും വലിയ പ്രത്യേകത. ആഗോളവത്കരണത്തിന്റെ കാലത്ത്, ഗ്ലോബൽ വില്ലേജായി മാറിയ ലോകത്ത് അമേരിക്ക പ്രതിനിധാനം ചെയ്യുന്ന ലോക രാഷ്ട്രീയവും അതിന്റെ ആഘാതങ്ങളും ഒരു നിയമസഭാ തെരഞ്ഞെടുപ്പിന്റെ നിർണായക ചർച്ചാ വിഷയമായി മാറി എന്നത് അഭിമാനകരം തന്നെയായിരുന്നു. പ്രാദേശിക കക്ഷിവഴക്കുകളുടെയും സാധാരണ വികസന പ്രശ്നങ്ങളുടെയും അപ്പുറം 'നാം എവിടെ നിൽക്കണം?' എന്ന അടിസ്ഥാന ബോധത്തെയാണ് ആ തെരഞ്ഞെടുപ്പുകാലം പ്രകാശിപ്പിച്ചത്.

സാമ്രാജ്യത്വ വിരോധത്തിന്റെയും മുതലാളിത്ത വിരോധത്തിന്റെയും കേരളീയ സമരരൂപങ്ങൾ

വോട്ടിന്റെ ഗതിയെ തിരിച്ചുവിട്ടു. പ്ലാച്ചിമടയിലെ കൊക്കക്കോള വിരുദ്ധ സമരം, എ.ഡി.ബിയുടെ ഹിഡൻ അജണ്ടകളോടുള്ള എതിർപ്പ്, ലോക ബാങ്കിന്റെയും ഐ.എം.എഫിന്റെയും ഇടപടെലുകൾക്കെതിരിലുള്ള ജനവികാരം, ഇറാൻ–ക്യൂബ–വെനിസ്വേല– ഉത്തരകൊറിയ–ഇറാഖ്–സുഡാൻ–അഫ്ഗാനിസ്താൻ–ഫലസ്തീൻ–ലബനാൻ എന്നീ രാജ്യങ്ങളോടുള്ള അധിനിവേശ വിരുദ്ധ ഐക്യദാർഢ്യം എന്നീ ബോധങ്ങൾ കേരളീയ ഗ്രാമത്തിലെയും കുടിലുകളിലെയും വോട്ടിംഗ് പാറ്റേണിൽ അന്ന് സ്വാധീനം ചെലുത്തുകയുണ്ടായി. ഇറാന്റെ ആണവ സ്വാതന്ത്ര്യത്തിനെതിരെ ജനാധിപത്യ വിരുദ്ധ ഉപരോധം നടപ്പാക്കിയ അമേരിക്കക്ക് അനുകൂലമായി ഇന്ത്യ ചെയ്ത വോട്ട് കേരളത്തിൽ യു.ഡി.എഫ് വിരുദ്ധ വോട്ടായി മാറിയത് വളരെ ഉയർന്ന രാഷ്ട്രീയ ബോധത്തെയാണ് പ്രതിനിധീകരിച്ചത്.

അമേരിക്കൻ മുതലാളിത്തത്തിനെതിരായ രാഷ്ട്രീയ ബോധം സ്റ്റേറ്റിനുള്ളിൽ ടാറ്റയുടെ നേതൃത്വത്തിൽ രൂപം കൊണ്ട സമാന്തര നാടുവാഴ്ചയെ ചെറുത്തുതോൽപിക്കുന്ന രാഷ്ട്രീയ അജണ്ടയായി രൂപപ്പെടുകയും ചെയ്തു.

വികസന നയങ്ങളെ ജനപക്ഷത്തുനിന്നുകൊണ്ട് ജാഗ്രതയോടെ വിശകലനം ചെയ്ത കാലം കൂടിയാണ് പ്രസ്തുത തെരഞ്ഞെടുപ്പുകാലം. എക്സ്പ്രസ് വേ വിഷയം ഒരു റോഡ് പ്രശ്നം എന്നതിനപ്പുറം നമ്മുടെ വികസന മാതൃകകൾ നമ്മുടെ മണ്ണിൽനിന്ന് രൂപപ്പെടുത്തണമെന്ന ആശയത്തെയാണ് ചർച്ചക്ക് വെച്ചത്. കരിമണൽ ഖനനവിരുദ്ധ സമരം ജനങ്ങളുടെ അധിവാസ ഇടങ്ങൾക്ക് മുൻഗണന എന്ന അടിസ്ഥാന വികസന സമീപനത്തിലൂടെ പണമുള്ളവന്റെ മുൻഗണനാ ശ്രമങ്ങളെ തിരുത്തുന്ന ജനകീയ ഉണർവിന്റെ സമരക്കാഴ്ചയായി മാറി.

സി.പി.എം പ്രസ്ഥാനവും വി.എസ് അച്യുതാനന്ദനും ആ രാഷ്ട്രീയ ബോധത്തെ ത്വരിതപ്പെടുത്തുന്ന നിലപാട് സ്വീകരിച്ചു. കോൺഗ്രസ് നേതൃത്വം നൽകിവരുന്ന യു.ഡി.എഫ് കക്ഷികൾ ലോക രാഷ്ട്രീയത്തിൽ അമേരിക്കയോടൊപ്പവും വികസന പ്രശ്നത്തിൽ മുതലാളിത്ത നയങ്ങളോടൊപ്പവും നിലയുറപ്പിക്കുന്ന അവസ്ഥക്കാണ് കേരളം അന്ന് സാക്ഷിയായത്. സാമ്രാജ്യത്വവിരുദ്ധ ബോധവും ജനപക്ഷ വികസന ബോധവും കക്ഷികൾക്കതീതമായ ഒരു രാഷ്ട്രീയ പ്രവർത്തനത്തിന് പ്രചോദനമായി വർത്തിക്കുകയും ചെയ്തു.

മാർക്സിസ്റ്റ് പാർട്ടിയുടെ തനത് ശാഠ്യങ്ങളെ ജനം ചോദ്യം ചെയ്ത് തോൽപിക്കുന്നത് കേരളമന്ന് കാണുകയുണ്ടായി. വി.എസ് മത്സരിക്കേണ്ടതില്ലെന്ന പാർട്ടി തീരുമാനം ജനങ്ങളും ജനപക്ഷ മാധ്യമങ്ങളും ചോദ്യം ചെയ്തപ്പോൾ പാർട്ടിക്ക് തീരുമാനം മാറ്റേണ്ടിവരികയും വി.എസ് നേതൃത്വത്തിൽ ഒരു പുതിയ രാഷ്ട്രീയ സംസ്കാരത്തെ അവർ സ്വപ്നം കാണുകയും ചെയ്തു.

പ്രസ്തുത ജനകീയ രാഷ്ട്രീയത്തിന്റെ വിജയമായിരുന്നു എൽ.ഡി.എഫിന് ലഭിച്ച ചരിത്ര വിജയം. എം.എൽ.എമാരുടെ എണ്ണം വർധിക്കുകയെന്നതിനപ്പുറം ഒരു രാഷ്ട്രീയ സംസ്കാരത്തിന് ലഭിച്ച പിന്തുണ തന്നെയായിരുന്നു അത്. പല സാമൂഹിക ഗ്രൂപ്പുകളും അന്ന് വോട്ട് രേഖപ്പെടുത്തിയത് എൽ.ഡി.എഫ് എന്ന കക്ഷി രാഷ്ട്രീയ പ്രസ്ഥാനത്തിനല്ല. മറിച്ച് സ്വന്തം നിലപാടുകൾക്കും നയങ്ങൾക്കുമാണ്. ആ നിലപാടുകളോടും നയങ്ങളോടുമുള്ള എൽ.ഡി.എഫിന്റെ അനുഭാവം അവ ആ സ്ഥാനാർഥികളുടെ വിജയത്തിൽ കലാശിക്കുകയാണ് ചെയ്തത്.

എന്നാൽ തെരഞ്ഞെടുപ്പ് വിജയത്തെ ഇങ്ങനെ നോക്കിക്കാണാൻ എൽ.ഡി.എഫിനോ യു.ഡി.എഫിനോ കഴിഞ്ഞിട്ടില്ല. രാഷ്ട്രീയത്തിന് രാഷ്ട്രീയം നഷ്ടപ്പെടുന്നത് തന്നെയാണ് നമ്മുടെ കാലത്തിന്റെ ഏറ്റവും വലിയ പ്രതിലോമപരത. പക്ഷേ, കക്ഷി രാഷ്ട്രീയത്തിനപ്പുറത്തുള്ള സാമൂഹിക ഗ്രൂപ്പുകൾക്ക് രാഷ്ട്രീയ പാർട്ടികൾക്ക് കഴിയാത്ത രാഷ്ട്രീയം കാത്തുസൂക്ഷിക്കാൻ കഴിയുന്നുവെന്നതാണ് നമ്മുടെ പ്രതീക്ഷയും പ്രത്യാശയും.

തെരഞ്ഞെടുപ്പുകാല രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമായ സാമൂഹിക ജനവിഭാഗങ്ങൾ തെരഞ്ഞെടുപ്പാനന്തരവും അവരുടെ രാഷ്ട്രീയ നിലപാടിനനുസൃതമായി മുന്നോട്ടു ചലിക്കുകയുണ്ടായി. ഏതൊരു മൗലിക രാഷ്ട്രീയമാണോ അവർ ഇലക്ഷനിൽ ഉയർത്തിപ്പിടിച്ചത്, എൽ.ഡി.എഫ് സർക്കാറിന്റെ കാലത്തും ആ നയങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുതന്നെ അഭിപ്രായ പ്രകടനവും സമരവും ഇടപെടലും തുടരുകയുമുണ്ടായി.

പുരോഗമന രാഷ്ട്രീയത്തിന്റെ ബലത്തിൽ അധികാരത്തിൽ വന്ന സർക്കാറും, നേതൃത്വം നൽകുന്ന പാർട്ടിയും പ്രതിലോമപരമാവുന്ന കാഴ്ചയാണ് പിന്നീടുണ്ടായത്. മൂന്നാർ പ്രശ്നത്തിൽ



സോളിഡാരിറ്റി നേതാക്കൾ ചെങ്ങറയിൽ

ടാറ്റയുടെ രാഷ്ട്രീയം തന്നെ സംഘടിത ഇടതുപക്ഷത്തിന്റെയും രാഷ്ട്രീയമായി മാറി. ടാറ്റയുടെ സമാന്തര ഭരണകൂടത്തെ ചെറുക്കുന്നവർ അരാജകവാദികളും തീവ്രവാദികളുമായി മുദ്രയടിക്കപ്പെട്ടു. ടാറ്റയെ പിടിച്ചുകെട്ടാൻ തുനിഞ്ഞിറങ്ങിയ മുഖ്യമന്ത്രി പാർട്ടിക്ക് വേണ്ടാത്ത ആളായി. ടാറ്റയെ ഭരണകൂട നിയന്ത്രണത്തിൽ കൊണ്ടുവരാൻ വേണ്ടി ശ്രമിച്ചപ്പോൾ കോൺഗ്രസ്സല്ല, സി.പി.എമ്മും സി.പി.ഐയും തന്നെയാണ് മുഖ്യമന്ത്രിയെ പ്രവർത്തിക്കാൻ അനുവദിക്കാതിരുന്നത്.

ചെങ്ങറയിൽ ഭൂമിക്കുവേണ്ടി സമരം ചെയ്തവരെ ഒന്നാമതായി പിന്തുണക്കേണ്ട പാർട്ടി സി.പി.എം ആയിരുന്നു. ഭൂരഹിതർക്ക് ഭൂമി എന്ന ആശയംതന്നെ കേരളീയരെ പഠിപ്പിച്ച പാർട്ടിയുടെ സഖാക്കൾ ചെങ്ങറയിലെ സമരക്കാരെ അമേരിക്കൻ സ്റ്റൈലിൽ ഉപരോധത്തിലൂടെ നേരിട്ടു.

എക്സ്പ്രസ് വേ പേര് മാറ്റി ഒളിച്ചുകടത്താനുള്ള ശ്രമമാണ് ഭരണകൂട രൂപം പ്രാപിച്ച പാർട്ടിയുടെ ഭാഗത്തുനിന്ന് പിന്നീടുണ്ടായത്. പൊതുനിരത്തുകളെല്ലാം തന്നെ ബി.ഒ.ടി അടിസ്ഥാനത്തിൽ മുതലാളി ജന്മിമാർക്കുള്ള സ്വന്തം റോഡുകളാക്കി മാറ്റാനുള്ള നീക്കത്തെ ചെറുത്തുതോൽപിക്കാൻ മാർക്സിസ്റ്റ് ഭരണകൂടം ഒരു ചുക്കും ചെയ്തില്ല. വോട്ടു ചെയ്ത ജനങ്ങൾ ജാഗ്രത്തായപ്പോൾ സർവകക്ഷിയിൽ അഭയം തേടി. പിന്നീട് സർവകക്ഷി തീരുമാനം അട്ടിമറിക്കാനുള്ള പ്രചാരണത്തിന് പാർട്ടി സെക്രട്ടറി തന്നെ തുടക്കം കുറിച്ചു.

കിനാലൂരിൽ ജനങ്ങളെ കബളിപ്പിച്ച് ഭൂസ്വാമിമാരെ തൃപ്തിപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് മാവൂരിലെ പഴയ പോരാളി മുഖം മിനുക്കി രംഗത്തുവരുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. സമരം ചെയ്യുന്ന ജനങ്ങളെ ഗുണ്ടാ സ്റ്റൈലിൽ നേരിടാൻ പോലീസിനെ കയറൂരിവിട്ടു. ജനങ്ങളെ മാവോയിസ്റ്റുകൾ എന്ന് മുദ്രകുത്തി. വർഗീയവാദികളെന്ന് ചീത്തവിളിച്ചു. മുതലാളിത്ത വികസന നയങ്ങൾക്കെതിരായ സാമൂഹിക ബോധത്തിന്റെ സന്തതിയായ വി.എസ് ഗവൺമെന്റ് മുതലാളിത്ത വികസന നയങ്ങളുടെ കാർമികത്വം ഏറ്റെടുത്തുവെന്നതാണ് നാം കാണേണ്ടിവന്ന രാഷ്ട്രീയ പാപ്പരത്തം.

ഈ രാഷ്ട്രീയ പതനം സൃഷ്ടിച്ച പരാജയത്തിൽനിന്ന് കരകയറാൻ വർഗ രാഷ്ട്രീയ പാർട്ടി വർഗീയ കാർഡ് ഇറക്കിയിരിക്കുകയാണ്. ജമാഅത്തെ ഇസ്‌ലാമിക്കെതിരിലെന്ന മട്ടിൽ കേരളത്തിൽ ഇസ്‌ലാംഭീതി പടർത്തുന്ന പരിപാടിയിലാണ് ഇപ്പോൾ സി.പി.എം ഏർപ്പെട്ടിരിക്കുന്നത്. കേരളത്തിൽ സമീപഭാവിയിൽ തന്നെ 'അല്ലാഹു'വിന്റെ ഭരണം വരാൻ പോവുകയാണെന്നും അതിനാൽ ഹിന്ദുക്കളേ ഉണരുവിൻ എന്ന മട്ടിലുമാണ് പ്രചാരണങ്ങളുടെ പോക്ക്. ഗാന്ധിജിയെ കൊന്ന, ബാബരി മസ്ജിദ് തകർത്ത, ഗുജറാത്തിൽ വംശഹത്യ സംഘടിപ്പിച്ച, ഒറീസയെ ചുടലക്കളമാക്കിയ വർഗീയ ഫാഷിസത്തെക്കുറിച്ച് ഒരക്ഷരം ഉരിയാടാതെ കേരളം മുസ്‌ലിം-ക്രിസ്ത്യൻ വർഗീയതയിൽ അമരുന്നുവെന്ന് മുഖ്യമന്ത്രിയെ കൊണ്ട് പറയിക്കുവോളം സി.പി.എമ്മിലെ മൃദുഹിന്ദുത്വ ലോബി ശക്തി

പ്പെട്ടിരിക്കുന്നു. ദൈവരാജ്യഭീതി പരത്തി ഹിന്ദുവോട്ട് സമാഹരിച്ച് പാർട്ടിയെ രക്ഷപ്പെടുത്താനുള്ള സഖാവ് പിണറായി വിജയന്റെ അടവുനയം കേരളം കണ്ട ഏറ്റവും നീചവും പ്രതിലോമപരവുമായ രാഷ്ട്രീയ തന്ത്രമായി ചരിത്രം വിലയിരുത്തുക തന്നെ ചെയ്യും. ദൈവരാജ്യ സങ്കൽപമുള്ള ഒരു രാഷ്ട്രീയബോധം കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നത് ശരിയാണ്. പക്ഷേ, ആ ബോധം മതേതര ബോധത്തേക്കാൾ മതേതരവും ജനാധിപത്യ രാഷ്ട്രീയത്തേക്കാൾ ജനാധിപത്യപരവുമാണ്. ഏറ്റവും അടിത്തട്ടിലുള്ളവന്റെ പ്രശ്നം മൗലിക പ്രശ്നമായി കാണുന്ന, മതമുക്തമായ രാഷ്ട്രീയം മരണതുല്യമാണെന്ന് ദർശിക്കുന്ന ഗാന്ധിയൻ കാഴ്ചപ്പാടാണ് ദൈവരാജ്യസങ്കൽപവും പങ്കുവെക്കുന്നത്.

ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെട്ട എഴുപത് വർഷത്തെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. ദൈവരാജ്യ ഭീതി പരത്തുന്നവർക്ക് മിനിമം സത്യസന്ധതയുണ്ടെങ്കിൽ ആ എഴുപത് വർഷത്തെ അനുഭവത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കണം. വിഭജനത്തിന്റെ നാളുകളിൽ രാഷ്ട്രത്തിന്റെ ഐക്യത്തിനു വേണ്ടി സാമുദായികവാദികളുടെ മർദനം ഏറ്റുവാങ്ങിയവർ, വർഗീയ കലാപങ്ങൾ നക്കിത്തുടച്ച ഗ്രാമങ്ങളെ സർക്കാർ ബജറ്റുകളെപ്പോലും വെല്ലുന്ന ഭീമൻ ഫണ്ട് ജനകീയമായി സമാഹരിച്ച് പുനർനിർമിച്ചവർ, ബാബരി മസ്ജിദ് തർക്കം നിയമവാഴ്ചയിലൂടെ പരിഹരിക്കണമെന്ന് വാശി പിടിച്ചവർ, ദുരിതഭൂമികളിൽ ജാതിയും മതവും നോക്കാതെ ആളും അർഥവും ഇറക്കി സേവനമർപ്പിച്ചവർ, ഓണത്തിനും ക്രിസ്തുമസിനും വിഷുവിനും പെരുന്നാളിനും സ്കൂളുകൾ തുറക്കുന്ന വേളകളിലും റിലീഫ് കിറ്റുകളുമായി ഇന്ത്യൻ ഗ്രാമങ്ങളിലെ കുടിലുകളിൽ കയറിയിറങ്ങിയവർ, രണ്ടു തവണ രാഷ്ട്രീയഭീരുക്കൾ അടിച്ചേൽപിച്ച നിരോധത്തെ രാഷ്ട്രീയമായും നിയമപരമായും നേരിട്ടവർ, അടിയന്തരാവസ്ഥ എന്ന ജനാധിപത്യക്കശാപ്പിനെ നേരിടാൻ വിശാല ജനാധിപത്യ മുന്നണിയിൽ അണിനിരന്നവർ, സംഘ് ഫാഷിസത്തിനെതിരെ മതേതര സഖ്യം കെട്ടിപ്പടുക്കാൻ ഇവരെ ചൂണ്ടിക്കാട്ടി ഈ എഴുപത് വർഷക്കാലത്തെ അനുഭവങ്ങൾ മറച്ചുവെച്ച് 'അല്ലാഹുവിന്റെ രാഷ്ട്രം' എന്നു പറഞ്ഞ് ഭീതി പരത്തുമ്പോൾ പേറുന്നത് പുഴുവരിക്കുന്ന വർഗീയ രാഷ്ട്രീയമല്ലാതെ മറ്റെന്താണ്?

സി.പി.എമ്മിന്റെ ജനാധിപത്യവിരുദ്ധതക്ക് കോൺഗ്രസ് മികച്ച ബദലാണെന്ന് ഇപ്പറഞ്ഞതിനർഥമില്ല. അടിയന്തരാവസ്ഥ കോൺഗ്രസ്സിന്റെ ജനാധിപത്യ വിരുദ്ധതക്ക് നല്ല തെളിവാണ്. ബാബരി മസ്ജിദ് പ്രശ്നം കോൺഗ്രസ് കൈകാര്യം ചെയ്തത് കൈയേറ്റക്കാരോടൊപ്പം നിന്നുകൊണ്ടാണ്. ന്യൂനപക്ഷ പിന്നാക്കാവസ്ഥക്ക് ബംഗാളിൽ സി.പി.എം ആണ് ഉത്തരവാദി എങ്കിൽ ബംഗാളിന് പുറത്ത് കോൺഗ്രസ്സാണ് ഒന്നാം പ്രതി. അഖിലേന്ത്യാ തലത്തിൽ മൻമോഹൻ-ചിദംബരം ടീം ജനാധിപത്യവാദികൾക്ക് ഒട്ടും പ്രതീക്ഷയർപ്പിക്കാവുന്നതല്ല. ഒരിക്കലും ജനവിധി തേടിയിട്ടില്ലാത്ത, മാധ്യമ സമ്മേളനങ്ങൾ പോലും വിളിച്ചുചേർക്കാൻ മടി കാണിക്കുന്ന നമ്മുടെ പ്രധാനമന്ത്രി മുറതെറ്റാതെ നിർവഹിക്കുന്ന ഏക പരിപാടി അമേരിക്കയിൽ പോക്കും ഒബാമയെ വിളിക്കലുമാണ്. 1947-ൽ സ്വാതന്ത്ര്യം നേടിയ ഇന്ത്യക്കാരനെ ഏറെ സംശയിപ്പിക്കുന്നതാണ് മൻമോഹൻ സിംഗിന്റെ വ്യക്തിത്വം.

മുസ്‌ലിം ലീഗ് പ്രസ്ഥാനം മലബാറിലെ വേറിട്ട ഒരു രാഷ്ട്രീയാനുഭവമാണ്. അവർഗീയവും എന്നാൽ സാമുദായികവുമായ രാഷ്ട്രീയ പാർട്ടിയാണത്. തൊപ്പിയൂരി, ക്ലീൻ ഷേവ് ചെയ്ത്, മീശ കട്ടികൂട്ടി, മതേതര നടനമാടി വേണം അവർഗീയത തെളിയിക്കാനെന്ന് ലീഗിന് ഒരിക്കലും തോന്നിയിട്ടില്ല. മതഭക്തരായ ഖാഇദെ മില്ലത്ത് മുതൽ മഹ്ബൂബെ മില്ലത്തിലൂടെ ശിഹാബ് തങ്ങൾ വഴി ഹൈദരലി തങ്ങൾ വരെ നീളുന്ന അതിന്റെ നേതൃനിര മറ്റെന്ത് വിമർശനങ്ങളുണ്ടെങ്കിലും സ്വന്തം പൈതൃകം അരിഞ്ഞുമാറ്റി സെക്യുലർ ചായം പൂശാൻ ശ്രമിക്കാത്തവരുടേതാണ്. ഇന്നാകട്ടെ, ലീഗിന് വേണ്ടി പൊതുമണ്ഡലത്തിൽ സ്റ്റേജ് നിറഞ്ഞാടുന്നവരും പേജ് നിറച്ചെഴുതുന്നവരും സ്ക്രീനിൽ നിറഞ്ഞ് തുളുമ്പുന്നവരും ലീഗിനെയല്ല, സവർണ ബുജികളെയാണ് പ്രതിനിധീകരിക്കുന്നത്. സി.പി.എം വളർത്താനുദ്ദേശിക്കുന്ന ഹിന്ദുകാർഡ് രാഷ്ട്രീയത്തിന് തത്ത്വശാസ്ത്രം മെനയാൻ ലീഗിന്റെ ചെലവിൽ ഇവരെ കയറൂരിവിടേണ്ടതുണ്ടോ എന്ന് ലീഗ് നേതൃത്വം ജാഗ്രതയോടെ ആലോചിക്കണം.

സി.പി.എം ജനാധിപത്യവിരുദ്ധ പാർട്ടിയാണെന്നത് ശരിതന്നെ. ജനാധിപത്യവാദികളും സാമ്രാജ്യത്വവിരോധികളും ജനപക്ഷവികസനത്തിന്റെ വക്താക്കളും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സി.പി.എ

മ്മിനെ പിന്തുണച്ചത് മികച്ചൊരു ജനാധിപത്യ പകരത്തിന്റെ അഭാവത്തിൽ നിർബന്ധിതരായിട്ടാണ്. സി.പി.എമ്മിനേക്കാൾ ജനാധിപത്യമുള്ള കോൺഗ്രസ്സിനെ പിന്തുണക്കാൻ പ്രസ്തുത കാലം നയപരമായി അവരെ തീരെ അനുവദിക്കുമായിരുന്നില്ല. സാമൂഹിക പ്രസ്ഥാനങ്ങളുടെ സാന്നിധ്യവും സി.പി.എം പക്ഷ ബുദ്ധിജീവികളിൽ വികസിച്ചുവരുന്ന ജനാധിപത്യബോധവും പാർട്ടിയെ കൂടുതൽ ജനാധിപത്യവത്കരിക്കും എന്ന പ്രതീക്ഷയാണ് ഇപ്പോൾ തകർന്നിരിക്കുന്നത്. പാലേരിയിലും കക്കോടിയിലും സി.പി.എം ജനാധിപത്യത്തെയാണ് കശാപ്പു ചെയ്തത്. കണ്ണൂർ രാഷ്ട്രീയം ജനാധിപത്യവിരുദ്ധ സി.പി.എമ്മും ഫാഷിസ്റ്റ് ആർ.എസ്.എസ്സും ചേർന്ന് രൂപപ്പെടുത്തിയതാണ്. കേരളത്തിലെ കാമ്പസുകൾ എസ്.എഫ്.ഐയുടെ സ്വന്തം ഇല്ലങ്ങളായി മാറിയതും സി.പി.എമ്മിന്റെ ജനാധിപത്യ വിരുദ്ധ സംസ്കാരം വഴി തന്നെയാണ്. ജനാധിപത്യവിരുദ്ധത കർമനയമായി സ്വീകരിച്ചിരിക്കുന്ന സി.പി.എമ്മിനെ ചെറുത്തുതോൽപിക്കാതെ കേരളത്തിന്റെ ഭാവിരാഷ്ട്രീയം ആരോഗ്യവത്തായി തീരുകയില്ല.

സാമ്രാജ്യത്വവിരുദ്ധവും ജനപക്ഷ വികസന മുഖമുള്ളതുമായ ഒരു പുതിയ രാഷ്ട്രീയ പാർട്ടിയെ ഭാവികേരളം പ്രതീക്ഷിക്കുന്നുണ്ട്. എൽ.ഡി.എഫിന് പകരം യു.ഡി.എഫ് എന്ന ചിന്ത ഭാവിരാഷ്ട്രീയത്തിൽ ഒരു അടിസ്ഥാന മാറ്റവും സംഭാവന ചെയ്യുകയില്ല. സി.പി.എം വിരോധം ബി.ജെ.പി അനുഭാവമായി മാറുകയാണെങ്കിൽ അത് കൂടുതൽ പ്രതിലോമപരമായിരിക്കും.

ഇടക്കാലത്ത് ശക്തിപ്പെട്ടുവന്ന സ്വത്വരാഷ്ട്രീയ ദർശനം ശുഭോദർക്കമാണ്. അടിസ്ഥാന ജനാധിപത്യബോധം ആ കാഴ്ചപ്പാടിനുണ്ട്. സ്വതന്ത്ര ജനവിഭാഗങ്ങളുടെ വംശീയ-സാമുദായികത്തനിമയെ അംഗീകരിക്കുന്ന യാഥാർഥ്യബോധവും അതിനുണ്ട്. വർഗീയ രാഷ്ട്രീയത്തെയും ഫാഷിസ്റ്റ് രാഷ്ട്രീയത്തെയും പൂർണമായും നിരാകരിക്കുന്നതാണ് സ്വത്വരാഷ്ട്രീയ കാഴ്ചപ്പാട്. സന്തുലിത ചിന്തകരായ ഇടത് ബുദ്ധിജീവികൾ ക്രിയാത്മകമായി സ്വരൂപിച്ച പ്രസ്തുത ആശയത്തെ വർഗീയ രാഷ്ട്രീയം കൊഴുപ്പിക്കാൻ തീരുമാനിച്ച സവർണ മതേതര ബുദ്ധിജീവികളും പിണറായിസ്റ്റുകളും ചേർന്ന് തള്ളിക്കളഞ്ഞത് സ്വാഭാവികം മാത്രം.

രാഷ്ട്രീയത്തിന് ധാർമികമായ ചട്ടക്കൂട് നിർബന്ധമാണ്. മനുഷ്യാവകാശങ്ങളുടെ സംരക്ഷണവും സാമൂഹികനീതിയുടെ സാക്ഷാത്കാരവുമാണ് രാഷ്ട്രീയം. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കൽ മൗലിക പ്രാധാന്യമുള്ള രാഷ്ട്രീയ അജണ്ടയാണ്. കൃത്യമായി നമസ്കരിക്കുന്നവരും സകാത്ത് കൊടുക്കുന്നവരും നോമ്പും ഹജ്ജും നിർവഹിക്കുന്നവരും അങ്ങനെയൊരു അജണ്ട ഏറ്റെടുക്കരുത് എന്ന് പറയുന്നത് ഏത് ജനാധിപത്യ യുക്തി പ്രകാരമാണെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല.

കുടിവെള്ളത്തിന് വേണ്ടി മതബോധമുള്ളവർ ദൈവഭക്തിയിലും മനുഷ്യ സ്നേഹത്തിലും പ്രചോദിതരായി വേദപാഠങ്ങളുടെ അടിസ്ഥാനത്തിൽ സമരം ചെയ്യുകയും സേവന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്താൽ അതെങ്ങനെയാണ് ജനാധിപത്യത്തെ അപകടപ്പെടുത്തുക? അതെങ്ങനെയാണ് ന്യൂനപക്ഷ സംഘടനയെ ദുർബലപ്പെടുത്തുക? നമസ്കാരത്തഴമ്പുള്ളവർ ജനങ്ങളിൽനിന്ന് 80 ലക്ഷം രൂപ സമാഹരിച്ച് കീടനാശിനി ബാധിതർക്ക് റേഷൻ വാങ്ങാനും വീട് വെക്കാനും കുട്ടികളെ സ്കൂളിലയക്കാനും സംവിധാനമൊരുക്കിയാൽ അതെങ്ങനെയാണാവോ 'അപകടം പിടിച്ച അല്ലാഹുവിന്റെ ഭരണ'മായി മാറുക?

മതത്തിന്റെ സാമൂഹിക വിപ്ലവ പ്രാപ്തിയെ കുറിച്ചുള്ള എ.ബി.സി.ഡി... ഈ സമ്പൂർണ സാക്ഷരതാ കാലത്തെങ്കിലും രാഷ്ട്രീയ നേതാക്കന്മാർ ഒന്ന് പഠിക്കണം. മത സാമൂഹികതയിൽ വിശ്വസിക്കുന്നവരോട് സമരം ചെയ്യരുത് എന്ന് പറയുന്നത് പ്രാർഥിക്കരുത് എന്ന് പറയുന്നതിന് തുല്യമാണ്. കാരണം അവരുടെ പ്രാർഥന പോലും സമരോത്സുകമാണ്. 'അക്രമ ഭരണത്തിൽനിന്ന് ഞങ്ങൾക്ക് വിമോചനം നൽകണമേ നാഥാ എന്ന് പ്രാർഥിക്കുന്നവർക്ക് വേണ്ടി നിങ്ങൾ പൊരുതാത്തതെന്തേ?' എന്ന് അവരോട് ചോദിക്കുന്ന അതേ വേദം തന്നെയാണ്, 'അഞ്ചു നേരം നമസ്കരിക്കാത്തതെന്ത്' എന്ന് ചോദിക്കുന്നത്. 'അക്രമികളെ ഞങ്ങളുടെ നായകന്മാരാക്കല്ലേ' എന്ന് പ്രാർഥിക്കാത്ത പള്ളി മിമ്പറുകൾ ലോകത്ത് കുറവാണ്. ആ പ്രാർഥനയുടെ രാഷ്ട്രീയ പ്രയോഗമാണ് ജനപക്ഷ പാർട്ടികളുടെ രൂപവത്കരണമെന്ന് പറയുന്നത്. പാർട്ടി രൂപവത്കരണത്തെ ചോദ്യം ചെയ്യുന്നവർ ആദ്യം നിരോധിക്കേണ്ടത് അത്തരം പ്രാർഥനകളെയാണ്.

മതവും രാഷ്ട്രീയവും ജനങ്ങൾക്ക് വേണ്ടിയുള്ളതാണ്. ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കു

മ്പോൾ ദൈവം പ്രതിഫലം തരും എന്ന ആത്മീയ ചിന്തയാണ് മതവിശ്വാസികളുടെ രാഷ്ട്രീയ ഇടപെടലിന്റെയും പ്രചോദനം. ദാരിദ്ര്യ നിർമാർജനം ഉറപ്പുവരുത്തുന്ന സകാത്ത് മതത്തിന്റെ അനുഷ്ഠാനമാണ്. മതനിഷേധിക്ക് പോലും ഭക്ഷണം കിട്ടാൻ പ്രാർഥിക്കണമെന്നത് അല്ലാഹുവിന്റെ കൽപനയാണ്. പള്ളി, അമ്പലം, ചർച്ചുകളുടെ സംരക്ഷണം ഏകദൈവവിശ്വാസികളുടെ ബാധ്യതയാണ്. പ്രവാചകൻ മുഹമ്മദ് നബി മദീനയുടെ രാഷ്ട്രീയ നയപ്രഖ്യാപനം നടത്തിയത് പൊതുസമ്മേളനത്തിൽ വെച്ചാണ്. മതരഹിതരും കമ്യൂണിസ്റ്റുകളും യുക്തിവാദികളും അതിൽ പങ്കെടുക്കാതെ പോയത് ക്ഷണിക്കാത്തതുകൊണ്ടല്ല. അങ്ങനെയൊരു കൂട്ടർ അന്ന് ഇല്ലാത്തതുകൊണ്ടാണ്. ആ ചരിത്ര പ്രധാന സമ്മേളനത്തിൽ വെച്ച് മുഹമ്മദ് നബി പ്രഖ്യാപിച്ചത് 'നമ്മൾ ഒരു രാഷ്ട്രം' എന്നാണ്. ഇന്ത്യയിലെ ഫാഷിസ്റ്റുകൾക്ക് അങ്ങനെ പ്രഖ്യാപിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഇന്ത്യ പിളർന്നുപോയത്. സവർണ രാഷ്ട്രീയം പേറുന്ന ആർക്കും അതിന് കഴിയില്ല. വർഗ രാഷ്ട്രീയത്തിന്റെ ഇടുങ്ങിയ ഇല്ലങ്ങളിൽ അധിവസിക്കുന്നവർക്ക് അതിന് കഴിയില്ല. സമുദായത്തിന്റെ അരികിൽ പറ്റിപിടിച്ചിരിക്കുന്നവർക്കും അതിന് കഴിയുകയില്ല. 'നമ്മൾ ഒരു രാഷ്ട്രം' എന്ന സങ്കൽപം 'നമുക്കൊരു ദൈവം' എന്ന സങ്കൽപത്തിൽനിന്നാണ് ഉയിരെടുത്തത്. 'വിഭവങ്ങൾ ദൈവത്തിന്റേത്' എന്നതാണിതിന്റെ മൗലിക പ്രമേയം. അതുകൊണ്ടുതന്നെ വിഭവങ്ങളുടെ ആദ്യ അവകാശി മൂലധനമുള്ളവനല്ല ഇല്ലാത്തവനാണ് എന്ന് വരുന്നു. കിനാലൂരിൽ പ്രവർത്തിച്ചത് ഇല്ലാത്തവന്റെ ആ രാഷ്ട്രീയ ബോധം തന്നെയാണ്. അതിനെ ദൈവരാജ്യം എന്ന് സഖാവ് പിണറായി വിജയൻ വിളിച്ചത് ആ അർഥത്തിൽ ശരിയുമാണ്.

കേരളത്തിന് ഒരു ഭാവി രാഷ്ട്രീയ മുന്നണി വേണം; ധാർമികതയുള്ള ഒരു രാഷ്ട്രീയ മുന്നണി, പങ്കുവെപ്പുകാരുടേതല്ലാത്ത ഒരു രാഷ്ട്രീയ മുന്നണി. പരമാവധി വികസനത്തിന്റെ ജനപക്ഷ മുന്നേറ്റ ശ്രമങ്ങൾ പ്രയോഗത്തിൽ വരുത്താനുള്ള ത്രാണി അതിനുണ്ടാവണം. വംശീയ ജനവിഭാഗങ്ങളുടെ സ്വത്വപ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ കഴിയണം. ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും മതരഹിതരും നിരീശ്വരും പൊതുവിഷയങ്ങളിൽ അവിടെ ധാർമികമായി ഐക്യപ്പെടണം.

അഴിമതി രാഹിത്യം അതിന്റെ ലക്ഷണമായിരിക്കണം. ത്യാഗം അതിന്റെ കർമ പരിപാടിയായിരിക്കണം. വികസനത്തിന് മുതലിറക്കുന്നവന്റെ ലാഭമല്ല അനുഭവിക്കുന്ന പൗരന്റെ സുരക്ഷയാണ് പ്രധാനമെന്ന് അത് പ്രഖ്യാപിക്കണം. ആരോഗ്യവും വിദ്യാഭ്യാസവും പാർപ്പിടവും ഭക്ഷണവും അടിസ്ഥാന മനുഷ്യാവകാശമായി പ്രഖ്യാപിച്ച് ഇല്ലാത്തവന് ലഭ്യമാക്കുന്നത് രാഷ്ട്രീയ പദ്ധതിയും ധനകാര്യ പദ്ധതിയുമായി ആവിഷ്കരിക്കപ്പെടണം. വർഗീയ-തീവ്രവാദ രാഷ്ട്രീയവും ഫാഷിസ്റ്റ് രാഷ്ട്രീയവും പൂർണമായും നിരാകരിക്കപ്പെടണം. യു.ഡി.എഫ് അല്ലെങ്കിൽ എൽ.ഡി.എഫ്, എൽ.ഡി.എഫ് അല്ലെങ്കിൽ യു.ഡി.എഫ് എന്ന ലളിത സൂത്രവാക്യം മാറ്റിയെടുക്കുന്ന കർമ പരിപാടിയിലാണ് കേരളത്തിന്റെ ഭാവി രൂപം കൊള്ളേണ്ടത്. ആ പ്രവർത്തനത്തിന് നാന്ദിയാവാൻ അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ ജനകീയ രാഷ്ട്രീയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പ്രചോദനമാവട്ടെ! ■